
- 

വിദ്യാലയത്തിന് പുത്തൻ ഉണർവേകാൻ അറിവിന്റെ അക്ഷര വെളിച്ചം പകരാനായി ഏറെ പ്രതീക്ഷയോടെ വിദ്യാലയാങ്കണത്തിലേക്ക് പ്രവേശിക്കുന്ന നവാഗതർക്കും മറ്റു വിദ്യാർത്ഥികൾക്കും ഊർജ്ജസ്വലമായ സ്വീകരണം നൽകുവാനായി വിദ്യാലയം പ്രവേശനോത്സവം ഒരുക്കി കാത്തിരുന്നു




ആദ്യ ക്ലാസായ അഞ്ചാം ക്ലാസിലേക്ക് പ്രവേശനം നേടി രക്ഷിതാക്കളുടെ കൈപിടിച്ചെത്തുന്ന

വിദ്യാർത്ഥികളെ ഈ വിദ്യാലയത്തിൽ പഠനം നടത്തുന്ന മറ്റു മുതിർന്ന കുട്ടികൾ സ്വീകരിച്ചാനയിച്ച്   വിശാലമായ ലൈബ്രറി ഹാളിൽ ഉപവിഷ്ടരാക്കി



പിന്നണി സംഗീതം പോലെ ഒഴുകിയെത്തിയ പ്രവേശന ഉത്സവ ഗാനം ഏവരും ആസ്വദിച്ചു പ്രവേശനോത്സവ ഗാനത്തിനൊപ്പം ഒന്ന് താളം പിടിക്കാനും അവർ മറന്നില്ല തുടർന്ന് രക്ഷിതാക്കളും വിദ്യാർത്ഥികളുമായി






നിറഞ്ഞു കവിഞ്ഞ ആ വലിയ സദസ്സിന് ബഹുമാന്യനായ ഹെഡ്മാസ്റ്റർ ശ്രീ ബാലകുമാർ സാർ സ്വാഗതം ആശംസിച്ചു




പിടിഎ പ്രസിഡൻറ് ശ്രീ ഗംഗാധരൻ

അവർകൾ അധ്യക്ഷനായി തുടർന്ന്  വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥിയും അധ്യാപകനും എൻ സി സി പരിശീലകനുമായ ശ്രീ വേലായുധൻ മാസ്റ്റർ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്തു സംസാരിച്ചു പൂർവ്വ വിദ്യാർത്ഥികൾ അവരുടെ വിദ്യാലയ അനുഭവം പങ്കുവെച്ചുകൊണ്ട് ചടങ്ങിന് ആശംസകൾ അറിയിച്ചു



തുടർന്ന് രക്ഷിതാക്കൾക്കായി കുട്ടികളുടെ ഇടയിൽ കണ്ടുവരുന്ന മൊബൈൽ ഫോണിന്റെ ദുരുപയോഗത്തെക്കുറിച്ചും ലഹരി ഉപയോഗത്തെക്കുറിച്ചും  ബോധവൽക്കരണം നടത്തി.




84 ബാച്ചിലെ പൂർവ വിദ്യാർത്ഥികൾ അച്ഛനോ അമ്മയോ ഇല്ലാത്ത സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള വിദ്യാർത്ഥികൾക്കായി പഠന

സാമഗ്രികൾ വിതരണം ചെയ്തു. അതുപോലെ 78 ബാച്ചിലെ പൂർവ്വ വിദ്യാർത്ഥികൾ വിദ്യാലയത്തിലെ വിദ്യാ,കലാ ,കായിക പ്രതിഭകളെ കണ്ടെത്തി ആയിരം രൂപ ക്യാഷ് പ്രൈസും മൊമെന്റോയും നൽകി

 ആദരിച്ചു ഏറ്റവും ഒടുവിലായി സ്റ്റാഫ് സെക്രട്ടറി ശ്രീമതിസ്മിത ടീച്ചർ യോഗത്തിൽ പങ്കെടുത്ത എല്ലാ സുമനസ്സുകൾക്കും നന്ദി പറഞ്ഞു

കൊണ്ട് ഔദ്യോഗിക ചടങ്ങുകൾക്ക് സമാപനം കുറിച്ചു.

തുടർന്ന് വിദ്യാർത്ഥികളെ വിവിധ ബാച്ചുകൾ ആയി തിരിച്ചു. പിന്നീട് നിർദ്ദേശിക്കപ്പെട്ട ക്ലാസുകളിലേക്ക് ക്ലാസ് ടീച്ചറുടെ അകമ്പടിയോടുകൂടി കുട്ടികളെ ക്ലാസ്സുകളിലേക്ക്

ആനയിച്ചു  അധ്യാപകരുടെയും കുട്ടികളുടെയും ആകാംക്ഷയും ആശങ്കയും ക്ലാസ് ടീച്ചർമാർ അകറ്റിയ ശേഷം  രക്ഷിതാക്കളോടൊപ്പം കുട്ടീകളേയും ഇരുത്തി പായസത്തോടുകൂടിഉച്ചഭക്ഷണം നൽകി




.

—--------ശുഭം—-------